"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കണ്ണൂർ ജില്ല- വാട്ടർ റിക്രിയേഷൻ സെന്റർ അറ്റ് മീങ്കുഴി പദ്ധതി- നടത്തിപ്പും പരിപാലന ചുമതലയും- കണ്ണൂർ ഡി.ടി.പി.സി യ്ക്ക് കൈമാറി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ)വകുപ്പ്**

സ.ഉ.(സാധാ) നം.631/2024/TSM തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:- 1. 25.03.2017- ലെ സ.ഉ.(സാധാ)നം. 177/2017/ടൂറിസം.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 27.09.2024-ലെ DOT/10942/2023-P8 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ല, പയ്യന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നിർമ്മിച്ച വാട്ടർ റിക്രിയേഷൻ സെന്റർ അറ്റ് മീങ്കുഴി എന്ന പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം, നാല് കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

(2). പയ്യന്നൂരിന്റെ വിനോദസഞ്ചാര വികസനത്തിന് മുതൽക്കൂട്ടാകുന്ന സെന്ററിൽ പടിപ്പുര, നീന്തൽക്കുളം, ബോട്ട് ജെട്ടി, നടപ്പാത എന്നിങ്ങനെ നിരവധി ക്രമീകരണങ്ങൾ വിനോദസഞ്ചാരികളെ ആകർഷിക്കുംവിധം ഒരുക്കിയിട്ടുണ്ടെന്നും പദ്ധതിയുടെ സുഗമമമായ നടത്തിപ്പിനും സർക്കാരിന് വരുമാനം ലഭിക്കുന്നതിനുമായി വരുമാനത്തിന്റെ 30% വകുപ്പിൽ മുൻകാല പ്രാബല്യത്തിൽ അടവ് വരുത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ ഉപാധികളോടു കൂടി കണ്ണൂർ ഡി.ടി.പി.സിയ്ക്ക് പദ്ധതി കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ല, പയ്യന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നിർമ്മിച്ച വാട്ടർ റിക്രിയേഷൻ സെന്റർ അറ്റ് മീങ്കുഴി പദ്ധതിയുടെ നടത്തിപ്പും പരിപാലന

ചുമതലയും ഡി.ടി.പി.സി യെ ഏൽപ്പിക്കുന്ന തീയതി മുതൽ വരുമാനത്തിന്റെ 30% വിനോദ സഞ്ചാര വകുപ്പിന് നൽകണമെന്ന വ്യവസ്ഥയിൽ, കണ്ണൂർ ഡിറ്റിപിസിയ്ക്ക് പദ്ധതി കൈമാറുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I&II)കേരളം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ)വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 30-10-2024 11:00:36
സെക്ഷൻ ഓഫീസർ

പകർപ്പ്-

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്